12088
18/9/15

**കേരളസർക്കാർ**

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ്-സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന എല്ലാ അന്ധ-ബധിര വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്നതിനുള്ള രക്ഷാകർത്താവിന്റെ കുടുംബ വാർഷിക വരുമാന പരിധി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്

സ.ഉ.(സാധാ)4079/2015/പൊ.വി.വ. തിരുവനന്തപുരം, തീയതി:15/09/2015

---

പരാമർശം:
1. സ.ഉ(സാധാ)നം.4351/07/പൊ.വി.വ. തീയതി.22.09.07.
2. സ.ഉ(കൈ)നം.5/14/പി.സ.വി.വ തീയതി.31.01.14
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23.11.10, 04.06.14 എന്നീ തീയതികളിലെ എം.5/73884/10/ഡി.പി.ഐ നമ്പർ കത്ത്.
4. ആൾ കേരള പേരന്റ്സ് അസോസിയേഷൻ ഓഫ് ഹിയറിംഗ് ഇംപയേർഡ് (AKPAHI) ജനറൽ സെക്രട്ടറി 06.01.2015-ന് സർക്കാരിൽ സമർപ്പിച്ച അപേക്ഷ

ഉത്തരവ്

പരാമർശം (1)-ലെ ഉത്തരവ് പ്രകാരം സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന ബധിരരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള രക്ഷാകർത്താവിന്റെ കുടുംബ വാർഷിക വരുമാന പരിധി 2,50,000/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത തുക വളരെ അപര്യാപ്തമായതിനാൽ രക്ഷിതാക്കളുടെ കുടുംബ വാർഷിക വരുമാന പരിധി 2,50,000/- രൂപയിൽ നിന്നും 6,00,000/- രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ആൾ കേരള പേരന്റ്സ് അസോസിയേഷൻ ഓഫ് ഹിയറിംഗ് ഇംപയേർഡ് (AKPAHI) ജനറൽ സെക്രട്ടറി പരാമർശം (4) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചു. ജനറൽ സ്കൂളിൽ പഠിക്കുന്ന പിന്നോക്ക വിഭാഗത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്നതിനുള്ള ക്രീമിലെയർ പരിധി സ്പെഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾക്കും ഏകീകരിച്ച് നൽകാവുന്നതാണെന്ന ശുപാർശ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായി . പരിശോധിച്ചു. പരാമർശം (2) പ്രകാരം കേരളത്തിലെ മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് നിശ്ചയിച്ച 4.5 ലക്ഷം രൂപ എന്ന ക്രീമിലെയർ വരുമാന പരിധി 6 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ആനുകൂല്യം പിന്നോക്ക വിഭാഗത്തിൽ ഉള്ള വിദ്യാർത്ഥികൾക്ക് മാത്രമേ ലഭിക്കുകയുള്ളൂ. കേരളത്തിലെ സ്പെഷ്യൽ സ്കൂളുകളിൽ മുന്നോക്ക-പിന്നോക്ക വിഭാഗത്തിൽപ്പെട്ട അന്ധരും ബധിരരുമായ വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. 1995-ലെ പേഴ്സൺസ് വിത്ത് ഡിസ്ബിലിറ്റി ആക്ട് (PWD Act) പ്രകാരം വികലാംഗരായ എല്ലാ കുട്ടികൾക്കും സൗജന്യ വിദ്യാഭ്യാസം നൽകേണ്ടതുണ്ട്. കാഴ്ച-ശ്രവണ വൈകല്യമുള്ള എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസ ആനുകൂല്യം ലഭ്യമാക്കുന്ന തരത്തിൽ വരുമാന പരിധി ഏകീകരിക്കേണ്ടതാണെന്ന് സർക്കാരിന് ബോധ്യമായിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ മുന്നോക്ക-പിന്നോക്ക ഭേദമില്ലാതെ സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന എല്ലാ അന്ധ-ബധിര വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്നതിനുള്ള രക്ഷാകർത്താവിന്റെ കുടുംബ വാർഷിക വരുമാന പരിധി നിലവിലെ 2.5 ലക്ഷം രൂപയിൽ നിന്നും 6 ലക്ഷം രൂപയായി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**അനിത.കെ.ആർ**
ഗവ.ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹയർ സെക്കന്ററി ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (23.07.15-ലെ 39388/എഡ്യു.എ1/15/ധന നമ്പർ കുറിപ്പ് പ്രകാരം)
പിന്നോക്ക സമുദായ വികസന വകുപ്പ്
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ് (വ്യാപക പ്രചാരണം നൽകുന്നതിന്)
വെബ് & ന്യൂ മീഡിയ, ഗവ. സെക്രട്ടേറിയറ്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ